"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വയനാട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഡ്രൈവർ ഗ്രേഡ് I ശ്രീ. സുരേഷ് എം.എസ്-ന്റെ മാതാവിന്റെ ചികിത്സയ്ക്ക് കോഴിക്കോട് മിംസ് ആശുപത്രിയിൽ ചികിത്സ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്

സ.ഉ.(സാധാ) നം.1785/2026/LSGD തീയതി,തിരുവനന്തപുരം, 22-09-2026

---

പരാമർശം:-
1. ശ്രീ. സുരേഷ് എം.എസ്-ന്റെ 24.06.2024 ലെ അപേക്ഷയും ബില്ലുകളും.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 27.02.2025 ലെ എം.ആർ.5/4828/2025/ആ.വ.ഡ. നം കത്ത്.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 10.04.2025 ലെ LSGD/PD/29571/2024-DEG2 നം കത്ത്.

ഉത്തരവ്

വയനാട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഡ്രൈവർ ഗ്രേഡ് I ശ്രീ. സുരേഷ് എം.എസ്-ന്റെ മാതാവിന്റെ ചികിത്സയ്ക്കായി കോഴിക്കോട് മിംസ് ആശുപത്രിയിൽ ചെലവായ 3,05,258/- രൂപ മെഡിക്കൽ റീഇംപേഴ്സ്മെന്റ് ഇനത്തിൽ അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ, അനുബന്ധരേഖകൾ സഹിതം പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

2). ആരോഗ്യവകുപ്പ് ഡയറക്ടറുടെ പരാമർശം (2) ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് ചികിൽസായിനത്തിൽ ചെലവായ തുകയിൽ 1,62,552/- രൂപയുടെ 80% തുകയായ 1,30,042/- (ഒരു ലക്ഷത്തി മുപ്പതിനായിരത്തി നാല്പത്തി രണ്ട് രൂപ മാത്രം) മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഡ്രൈവർ ഗ്രേഡ് 1 ശ്രീ. സുരേഷ് എം.എസ്-ന്റെ

മാതാവിന്റെ ചികിത്സയ്ക്കായി 16/04/2024 മുതൽ 24/04/2024 വരെ കോഴിക്കോട് മിംസ് ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുകയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ചിട്ടുള്ള 1,62,552/- രൂപയുടെ 80% ശതമാനം ആയ 1,30,042/- രൂപ (ഒരു ലക്ഷത്തി മുപ്പതിനായിരത്തി നാല്പത്തി രണ്ട് രൂപ മാത്രം) നിലവിലെ KGSMA ചട്ടം, 1960 -ലെ വ്യവസ്ഥകൾക്കും, ഈ ചികിത്സയ്ക്കോ, മറ്റു കാലയളവുകളിലെ ചികിത്സയ്ക്കോ പലിശ രഹിത വായ്പ എടുത്തിട്ടില്ലായെന്നു വ്യക്തമാക്കുന്ന മേലധികാരി സാക്ഷ്യപ്പെടുത്തിയ പുതുക്കിയ സത്യവാങ്മൂലം, അപേക്ഷകന്റെ മാതാവ് കുടുംബ പെൻഷണർ അല്ലായെന്നുള്ള മേലധികാരി സാക്ഷ്യപ്പെടുത്തിയ പുതുക്കിയ സത്യവാങ്മൂലം എന്നിവ ലഭ്യമാക്കി മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം, സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിലും ടിയാൻ പ്രസ്തുത ചികിത്സയ്ക്ക് IFMA എടുത്തിട്ടില്ലെന്ന് ഉറപ്പുവരുത്തിയും, മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആയി അനുവദിച്ച് നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.കെ അനിൽ ജോയ്
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണം,തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).
ജോയിന്റ് ഡയറക്ടർ, വയനാട്. (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ശ്രീ സുരേഷ് എം.എസ്, ഡ്രൈവർ ഗ്രേഡ് I, ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, വയനാട് ജില്ല. (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം. തിരുവനന്തപുരം.വെബ് & ന്യൂ മീഡിയ,
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (No.EPA3/366/2025-LSGD).

ഉത്തരവിൻ പ്രകാരം
Digitally signed by
Noushad. S
Date: 23-09-2026
10:18:22
സെക്ഷൻ ഓഫീസർ